കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂലൈ 10 ബുധൻ

# ദേശീയ മത്സ്യകർഷക ദിനാചരണം നടത്തി

ആലപ്പുഴ: എല്ലാ വർഷവും ജൂലൈ 10 ദേശീയ മത്സ്യകർഷക ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ മികച്ച മത്സ്യകർഷകരെ ആദരിച്ചു. ആഗോള തലത്തിൽ തന്നെ മത്സ്യ കൃഷി രംഗത്ത് വമ്പിച്ച മുന്നേറ്റം സൃഷ്ടിക്കുന്നതിനും നീലവിലെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതുമായ 'കാർപ്പ് മത്സ്യങ്ങളിലെ പരിതപ്രജനന സാങ്കേതിക വിദ്യവികസിപ്പിച്ചതിന്റെ ഓർമ്മക്കായാണ് ദേശീയ മത്സ്യകർഷക ദിനാചരണം. ദേശീയ കർഷകദിനം ആചരിക്കുന്നതിന്റെ ഭാഗമായി മത്സ്യകർഷകർക്കുളള ഏകദിന ബോധവൽക്കണം ജില്ലയിലെ മികച്ച മത്സ്യകർഷകരെ ആദരിക്കൽ എന്നീ പരിപാടികൾ എസ്.എൻ.ഡി.പി ഹാൾ, തത്തംപളളിയിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ ഉദ്ഘാടനം നിർവ്വഹിച്ചു. മത്സ്യകർഷകരെ ആദരിച്ചു.കൗൺസിലർ മഹബൂബ്, ഫിഷറീസ് ഡെപ്യൂട്ടി ഡറക്ടർ കെ. സുഹൈർ എന്നിവർ പങ്കെടുത്തു. ഡോ. ഷേർളി ക്ലാസ്സുകൾ നയിച്ചു. ജില്ലയിലെ മികച്ച ശുദ്ധജല മത്സ്യകർഷകനായി കെ.ജെ ജോർജ് കുട്ടിയെയും മികച്ച നൂതന കർഷകയായി റോസ്ലിൻ ബെന്നിയേയും തെരഞ്ഞെടുത്തു. കൂടാതെ ജില്ലയിലെ മികച്ച അക്വാകൾച്ചർ പ്രൊമോട്ടറായി ജോസ് ജോസഫും മികച്ച ജില്ലാതല മത്സ്യമേഖല പ്രവർത്തനങ്ങൾ നടപ്പിലാക്കിയ തദ്ദേശ സ്വയം ഭരണ സ്ഥാപനമായി തുറവൂർ ഗ്രാമ പഞ്ചായത്തും അർഹരായി.

(ചിത്രമു ്)

# സ്മാർട്ട് വില്ലേജുകൾക്കൊപ്പം സേവനവും മെച്ചപ്പെടുത്തണം -മന്ത്രി ചന്ദ്രശേഖരൻ

ആലപ്പുഴ: സംസ്ഥാനത്ത് ഈ സർക്കാർ വന്നതിന് ശേഷം 146 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കാൻ അനുമതി നൽകിയെന്നും ഓഫീസ് മെച്ചപ്പെടുന്നതിന് ഒപ്പം ജീവനക്കാരുടെ സേവന മനോഭാവവും വളരണമെന്ന് റവന്യൂ - ഭവന നിർമാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. 40 ലക്ഷം രൂപ മുടക്കി നിർമിച്ച പാണാവള്ളി സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പല

വില്ലേജ് ഓഫീസുകളുടെയും സ്ഥിതി ഏറെ പരിതാപകരമായിരുന്നു. സർക്കാർ 230 വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിൽ,230 വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണി ,267 എണ്ണത്തിന് അധികമുറികൾ എന്നിവ അനുവദിച്ച് ജനങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്ന ഓഫീസുകളെ മെച്ചപ്പെടുത്തി. ഇത് സേവനത്തിന് എത്തുന്നവർക്കും പ്രയോജനകരമാകുമെന്ന് മന്ത്രി പറഞ്ഞു. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ശെൽവരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ ഡോ.അദീല അബ്ദുള്ള, പാണാവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഡോ.പ്രദീപ് കൂടയ്ക്കൽ, സബ് കളക്ടർ വി.ആർ.കൃഷ്ണ തേജ, ജില്ലാ പഞ്ചായത്ത് അംഗം പി.എം.പ്രമോദ്, വാർഡ് മെമ്പർ പി.എൻ.ഷിബു , എം.കെ.ഉത്തമൻ ,ത ഹസിൽദാർ ആർ.ഉഷ എന്നിവർപ്രസംഗിച്ചു.

(ചിത്രമു ്)

# ജനകീയം ഈ അതിജീവനം പൊതുജന സംഗമം: സ്വാഗത സംഘ രൂപീകരണ യോഗം ഇന്ന്

ആലപ്പുഴ: 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പുനർനിർമാണ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കുന്നതിന് ജനകീയം ഈ അതിജീവനം പൊതുജന സംഗമം ജൂലൈ 20ന് ജില്ലയിൽ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായുള്ള സ്വാഗത സംഘ രൂപീകരണ യോഗം ഇന്ന്(ജൂലൈ 11ന്) വൈകുന്നേരം നാലുമണിക്ക് കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ നടക്കും. എല്ലാ ജില്ലാ തല വകുപ്പുമേധാവികളും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.